**സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം**
DESPATCHED On 17/04/21
പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471-2335199, 2561614 Fax: 0471-2330920
Email:- sic.ker@nic.in

13/4/21 **A.P.No. 489(1)/2020/SIC തീർപ്പു കൽപിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No.4442/SIC-G4/2020**

സന്നിഹിതൻ

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

ശ്രീ. കെ.കെ. രാമചന്ദ്രൻ,
അരുണാലയം, പനയൂർ പോസ്റ്റ്,
പൊൽപ്പുള്ളി, പാലക്കാട് – 678 552. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   ജില്ലാ കളക്ടർ,
   കളക്ടറേറ്റ്, പാലക്കാട് – 678 001.

2. അപ്പീൽ അധികാരി &
   ഡെപ്യൂട്ടി കളക്ടർ (ജനറൽ),
   കളക്ടറേറ്റ്, പാലക്കാട് – 678 001.

} എതിർകക്ഷികൾ

## അന്തിമ ഉത്തരവ്

മേൽ അപ്പീൽ ഹർജിയിൽ പരാമർശിത കാലയളവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ സമർപ്പിച്ച വിശദീകരണത്തിൽ ബോധിപ്പിച്ചത്, 23.11.2019–ന് ലഭിച്ച അപ്പീൽ ഹർജിക്കാരന്റെ അപേക്ഷയിന്മേൽ മറുപടി തയ്യാറാക്കി കമ്പ്യൂട്ടർ ഫയലായി ലഭിച്ച ഫയൽ ഒപ്പിട്ടു നൽകിയിരുന്നു എങ്കിലും സെക്ഷൻ ക്ലാർക്ക് 3 മാസത്തെ ദീർഘകാലത്തെ അവധിയിലായതിനാൽ ടി മറുപടി അയച്ചു നൽകുവാൻ കഴിഞ്ഞിരുന്നില്ല എന്നും 31.12.2019–ന് ഹർജിക്കാരൻ ഒന്നാം അപ്പീൽ ഫയൽ ചെയ്ത വിവരം അറിയും മുമ്പുതന്നെ ടിയാന്റെ ആദ്യ അപേക്ഷയ്ക്കുള്ള മറുപടി അയച്ചു നൽകിയിട്ടില്ല എന്ന് ശ്രദ്ധയിൽപ്പെട്ടതിനാൽ മുൻപ് തയ്യാറാക്കിയ കത്ത് 5.1.2020–ന് ഡെസ്പാച്ച് ചെയ്യുകയും 7.1.2020–ന് ടിയാൻ കൈപ്പറ്റുകയും ചെയ്തിട്ടുള്ളതാണെന്നും തുടർന്ന് 13.1.2020–ന് ഫീസ് അടച്ച് ചെലാൻ സെക്ഷനിൽ ഹാജാരാക്കിയെന്നും അപ്പീലിൻമേലുള്ള ഹിയറിംഗ് 31.1.2020–ന് നടക്കുകയും ഡെപ്യൂട്ടി കളക്ടർ (ജനറൽ) ന്റെ 1.2.2020–ലെ ഉത്തരവ് അനുസരിച്ച് ആവശ്യപ്പെട്ട രേഖകൾ സൗജന്യമായി നൽകണമെന്ന് ഉത്തരവായിട്ടുള്ളതാണെങ്കിലും അതിനു

മുൻപേതന്നെ ഹർജിക്കാരൻ ആദ്യ കത്തു പ്രകാരമുള്ള ഫീസ് അടച്ച് ചെലാൻ ഹാജരാക്കിയിരുന്നുവെന്നും അപ്പീൽ ഉത്തരവിൻപ്രകാരം സാധാരണ തപാലിൽ അയച്ചു നൽകിയ രേഖകൾ കിട്ടിയില്ലെന്ന് കാണിച്ച് 27.5.2020 തീയതിയിൽ വീണ്ടും വിവരാവകാശ നിയമപ്രകാരം അപേക്ഷ സമർപ്പിച്ചുവെന്നും ആയതിന് ഫീസൊന്നും ഈടാക്കാതെ തന്നെ രേഖകൾ രജിസ്റ്റേർഡ് തപാലായി 17.6.2020 തീയതിയിൽ അയച്ചു നൽകിയെന്നും ടിയാൻ 19.6.2020 തീയതി ആയത് കൈപ്പറ്റിയിട്ടുണ്ടെന്നും കമ്മീഷൻ ഉത്തരവുപ്രകാരം 22/- രൂപ ടിയാന് മണിയോർഡർ മുഖേന അയച്ചു നൽകിയിട്ടുണ്ടെന്നും, ഇ-ഓഫീസ് സംവിധാനത്തിൽ അയയ്ക്കുന്ന കത്തുകളിലെല്ലാം പ്രേക്ഷകൻ ജില്ലാ കളക്ടർ എന്ന് അടിസ്ഥാനപരമായി വരുന്നതാണെന്നും ടി മാറ്റം ശ്രദ്ധയിൽപ്പെടാത്തതുകൊണ്ടാണ് അഡ്രസ്സിൽ ജില്ലാ കളക്ടർ, പാലക്കാട് എന്ന പിഴവ് സംഭവിച്ചിട്ടുള്ളതെന്നും ആയത് മാപ്പാക്കണമെന്നുമാണ്.

മേൽ വസ്തുതകൾ കണക്കിലെടുത്ത് ഒന്നാം എതിർകക്ഷിയ്ക്കെതിരെ മറ്റ് നടപടികൾ കമ്മീഷൻ സ്വീകരിക്കുന്നില്ല. എന്നാൽ വിവരാവകാശ നിയമപ്രകാരം ലഭിക്കുന്ന അപേക്ഷകൾക്ക് സമയബന്ധിതമായി മറുപടി ലഭ്യമാക്കി എന്ന് ഉറപ്പു വരുത്തേണ്ട ഉത്തരവാദിത്വം പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് ഉണ്ടെന്നും ഭാവിയിൽ വിവരാവകാശ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിൽ കൂടുതൽ ജാഗ്രത പുലർത്തണമെന്നും ഒന്നാം എതിർകക്ഷിയെ ഓർമ്മപ്പെടുത്തി ഈ അപ്പീൽ ഹർജിയിലെ തുടർനടപടികൾ കമ്മീഷൻ അവസാനിപ്പിച്ചു കൊണ്ടുള്ള അന്തിമ ഉത്തരവ് ഇന്നേ ദിവസം 2021 ഏപ്രിൽ മാസം 13-ാം തീയതി പുറപ്പെടുവിക്കുന്നു.

ഒപ്പ്
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

us